# 61. അക്കാദമികളെപ്പററി

കേന്ദ്ര സാഹിത്യ അക്കാദമി പിരിച്ചുവിടണമെന്ന ആവശ്യം മാർച്ച് 26–ാം തീയതി രാജ്യസഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. ഉയർന്ന സാഹിത്യ മാനദണ്ഡങ്ങൾ നിലവിൽ വരുത്തുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട അക്കാദമി ഒരു 'റാക്കററ്' ചതികൊണ്ടോ അക്രമംകൊണ്ടോ മററു വിധത്തിലോ, തത്ത്വദീക്ഷയില്ലാതെ പണം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം ആയി അധഃപതിച്ചിരിക്കുന്നു എന്നു് സുപ്രസിദ്ധ എഴുത്തുകാരനും രാജ്യസഭയിലെ ഒരു നോമിനേററഡ് അംഗവുമായ ശ്രീ ഖുശ്‌വന്ത്‌സിംഹ് പ്രസ്താവിച്ചു. സാഹിത്യ അക്കാദമിയുടെ മാനേജിംഗ് കമ്മററിയിലെ ഏഴ് അംഗങ്ങൾ 'ചരടുവലി'കളിലൂടെ തങ്ങളുടെ സ്വന്തം പുസ്തകങ്ങൾക്കു സമ്മാനം നേടിയെടുത്തുവത്രേ. ഉപദേശക സമിതികളിലെ അംഗങ്ങളെ സമീപിക്കുന്നവർക്കാണ് സാഹിത്യ അക്കാദമിയുടെ സമ്മാനങ്ങൾ ലഭിക്കുന്നതെന്ന് ശ്രീ ഖുശ്‌വന്ത്‌സിംഹ് പറഞ്ഞു. സാഹിത്യ അക്കാദമി ഇതുവരെ സമ്മാനം നൽകിയ 350 പുസ്തകങ്ങളിൽ ഒന്നുംതന്നെ ഈ ശതാബ്ദം അവസാനിക്കുന്ന കാലത്തുപോലും പൊതുജനങ്ങൾ വായിക്കുകയില്ലത്രേ. സർഗാത്മക സാഹിത്യത്തിനു് സർക്കാർ പ്രോത്സാഹനം നൽകുന്നതിനോടും ശ്രീ ഖുശ്‌വന്ത്‌സിംഹ് തത്ത്വത്തിൽ എതിരാണ്. 'ഒഴിഞ്ഞ വയറുമായേ നല്ല കൃതികൾ എഴുതാൻ കഴിയൂ' എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. ശ്രീ ഖുശ്‌വന്ത്‌സിംഹനോളം മുന്നോട്ടു പോയില്ലെങ്കിലും, ഭാരതീയ ഭാഷകൾക്കു പ്രോത്സാഹനവും ഇന്ത്യയുടെ സാംസ്കാരികൈക്യവും സാധിക്കുമാറു് കേന്ദ്ര സാഹിത്യ അക്കാദമിയെ പുനസ്സംവിധാനം ചെയ്യണമെന്നു വേറേയും പല അംഗങ്ങളും ആവശ്യപ്പെട്ടു.

കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഇപ്പോഴത്തെ നിർവാഹകസമിതിയുടെ കാലാവധി അവസാനിക്കാനടുത്തിരിക്കുകയാണ്. ഈ സന്ദർഭത്തിൽ, അക്കാദമിയുടെ പ്രവർത്തനം പൂർണമായി വിലയിരുത്തുകയും, അതിന്റെ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നതു് സംഗതമായിരിക്കും.

ശ്രീ ഖുശ്‌വന്ത്‌സിംഹ് ഉന്നയിച്ച അടിസ്ഥാനപ്രശ്നങ്ങൾ പല കുറി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളവയാണ്. 'ഒഴിഞ്ഞ വയറിന്റെ തത്ത്വദർശനം' അദ്ദേഹം മുന്നോട്ടു വെച്ചതു ഗൗരവത്തോടെയാവാൻ വഴിയില്ല. ആയിരുന്നുവെങ്കിൽ, ഒരു സർഗാത്മക സാഹിത്യകാരനായ അദ്ദേഹം ചെയ്യുക രാജ്യസഭാംഗമായി, അംഗത്വത്തിന്റെ ആനുകൂല്യങ്ങൾ ഒന്നും ഒഴിച്ചുവിടാതെ വാങ്ങുകയാവുമായിരുന്നില്ല. യമുനക്കരയിൽ ഏതെങ്കിലുമൊരു മരത്തിൻകീഴിലിരുന്നു് ഒഴിഞ്ഞ വയറുമായി സൃഷ്ടികർമത്തിൽ ഏർപ്പെടുകയായിരിക്കും. മററു തൊഴിലുകൾ പോലെ സാഹിത്യനിർമാണവും അതിൽ ഏർപ്പെട്ട ആളുടെ ഒഴിഞ്ഞ വയർ നിറയ്ക്കുവാൻ മാത്രമല്ല, മിതമായ ജീവിത സൗകര്യങ്ങൾ സമ്പാദിക്കുവാൻകൂടി ആവശ്യമായ വരുമാനം നൽകുക തന്നെ വേണം. ബുദ്ധിപരമായ ഒരു പ്രവർത്തനമാണല്ലോ സാഹിത്യ നിർമാണം. അതിൽ വ്യാപൃതനായ ഒരാൾക്കു്, തന്റെ കൃതികളുടെ നിലവാരം ഉയർത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി, നിരന്തരമായ സദ്ഗ്രന്ഥ പാരായണത്തിനുള്ള സൗകര്യം ലഭിക്കണം; അതേ തൊഴിലിലേർപ്പെട്ട മററു് ആളുകളുമായി കൂടെക്കൂടെ അഭിപ്രായവിനിമയത്തിനും സൗകര്യമുണ്ടാവണം. ഒഴിഞ്ഞ വയറിനു മീതെ മററു പലതുമുണ്ടാവാം; സാഹിത്യമുണ്ടാവുക പ്രയാസമാണ്.

സാഹിത്യത്തെ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ എന്നതാണ് ശ്രീ ഖുശ്വന്ത്സിംഹ് ഉന്നയിച്ച മറ്റൊരു അടിസ്ഥാന പ്രശ്നം. ഈ പ്രശ്നവും പലകുറി ചർച്ചാവിഷയമായിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ സാഹിത്യാദി കലകളുടെയും സംസ്കാരത്തിന്റെയും പോഷണത്തിനും സർക്കാരിന്റെ സക്രിയമായ സഹായം അനുപേക്ഷണീയമാണെന്നത്രേ ഈ ചർച്ചകളിൽ നിന്ന് ഏറെക്കുറെ സർവസമ്മതമായി ഉരുത്തിരിഞ്ഞു വന്നിട്ടുള്ള അഭിപ്രായഗതി. 'സർക്കാർ' എന്നതിന് 'ഉദ്യോഗസ്ഥ മേധാവിത്വം' എന്നാണർത്ഥമെങ്കിൽ, സർക്കാർ സഹായം സർഗാത്മക പ്രവർത്തനത്തിന് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുക എന്ന കാര്യത്തിലും രണ്ടഭിപ്രായമുണ്ടാവുക വയ്യ. സമാനവീക്ഷണവും സമാനാഭിരുചിയും സമാനവൈദഗ്ദ്ധ്യവുമുള്ള സർഗാത്മക പ്രവർത്തകരുടെ സംഘങ്ങളിലൂടെയാവണം സർക്കാർ സഹായം സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ലഭ്യമാകുന്നത്. സഹായം നൽകുന്നതിനുള്ള വിഭവങ്ങൾ തയ്യാറാക്കിക്കൊടുക്കുക എന്ന പശ്ചാത്തലകൃത്യമേ 'ബ്യൂറോക്രസി' നിർവഹിക്കാവൂ. ബ്യൂറോക്രസി നേരിട്ട് സാഹിത്യ-കലാ-പ്രോത്സാഹനത്തിലിടപെടുന്നതിനേപ്പോലെ തന്നെ ദോഷകരമാണ് രാഷ്ട്രീയപ്പാർട്ടികൾ ഈ കാര്യത്തിൽ ഇടപെടുന്നതും.

സാഹിത്യ-കലാ-പോഷണത്തിനുള്ള അക്കാദമികൾ, അതിനാൽ ഉദ്യോഗസ്ഥമേധാവിത്വത്തിനു കീഴടങ്ങി പ്രവർത്തിക്കുന്ന യാന്ത്രിക സംഘടനകൾ ആയിരിക്കരുത്. അതുപോലെതന്നെ മറ്റു വിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാത്ത തങ്ങളുടെ അനുഭാവികളെ പ്രീണിപ്പിക്കുന്നതിന് അവർക്കു സമ്മാനമായി നൽകാൻ രാഷ്ട്രീയപ്പാർട്ടികളുടെ കൈയിലുള്ള 'കൊള്ളമുതൽ' ആവരുത് ഈ സംഘടനകളിലെ അംഗസ്ഥാനം. അതാതു രംഗത്ത് പ്രശസ്തരും, മര്യാദയോടുകൂടിയ പൊതുപ്രവർത്തനത്തിന്റെ പാരമ്പര്യമുള്ളവരും, പൊതുജന സമ്മതരുമാവണം ഇത്തരം സംഘടനകളിലെ അംഗങ്ങൾ. അവയുടെ താക്കോൽസ്ഥാനങ്ങളിലിരിക്കുന്നവർക്ക് അല്പം ഭരണപരിചയം കൂടി ഉണ്ടാവുന്നത് ആശാസ്യമാണ്. ഇത്തരക്കാരെ അംഗങ്ങളായി ലഭിക്കുന്നതിനും, ഒരിക്കൽ അംഗങ്ങളായവർ എന്നെന്നേക്കുമായി കസേരയിലൊട്ടിപ്പിടിക്കുക എന്ന ദുരവസ്ഥ ഒഴിവാക്കി, സംഘടനയുടെ സിരകളിൽ പുതുരക്തം പ്രവഹിപ്പിക്കുന്നതിനും ഉതകുന്നതായിരിക്കണം അവയുടെ ഭരണഘടന. രാജ്യസഭയുടെ ആവശ്യമനുസരിച്ച് സാഹിത്യ അക്കാദമി പുനസ്സംവിധാനം ചെയ്യുകയാണെങ്കിൽ അപ്പോൾ ഈ അടിസ്ഥാനകാര്യങ്ങൾ ഓർമയിൽ വെക്കുന്നതു നന്നായിരിക്കും.

കേന്ദ്ര സാഹിത്യ അക്കാദമിയെ സംബന്ധിച്ചുള്ള ഈ വിമർശനങ്ങളുടെ വെളിച്ചത്തിൽ കേരളത്തിലെ അക്കാദമികൾ കാഴ്ചവെക്കുന്ന രൂപം എന്താണ്? ദാരിദ്ര്യമാണ് നമ്മുടെ അക്കാദമികളുടെ മുഖ്യ സവിശേഷത. സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അംഗങ്ങളുടെ യാത്രച്ചിലവും ദിനബത്തയും വല്ലപാടും കൊടുത്തു കഴിഞ്ഞാൽപ്പിന്നെ നിർമാണപരമായ ഒരു പ്രവർത്തനത്തിനും പര്യാപ്തമായ വിഭവശേഷി അവയ്ക്കില്ല. കേരളസാഹിത്യ അക്കാദമി മാത്രമാണ് ഈ കാര്യത്തിൽ അല്പം മെച്ചപ്പെട്ടു നിൽക്കുന്നത്.

വളരെയധികം പ്രതീക്ഷകളോടെ ആരംഭിച്ച കേരള ലളിത കലാ അക്കാദമി ഇല്ലാതായിട്ട് ഏതാനും മാസങ്ങളായി. കേരള സംഗീത നാടക അക്കാദമി ഇപ്പോഴും നിലവിലുണ്ട്. എന്നാലും അതിന്റെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രയോ പരിമിതപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ജീവലക്ഷണങ്ങൾ വല്ലപ്പോഴും കാണിക്കുന്നുണ്ടെന്നതൊഴിച്ചാൽ, പറയത്തക്ക വളർച്ചയൊന്നും പ്രസ്തുത അക്കാദമിക്കില്ല. സർക്കാരി

ന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമെന്ന നിലയിൽ താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം അവകാശപ്പെടാവുന്നതു് കേരള സാഹിത്യ അക്കാദമിക്ക മാത്രമാണ്. കേരളത്തിലെ അക്കാദമികളുടെ ദുരവസ്ഥയ്ക്കു കാരണം ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ അവിഹിതമായ ഇടപെടലല്ല. രാഷ്ട്രീയപ്പാർട്ടികൾ തങ്ങളുടെ മൂന്നാംകിട അനുഭാവികൾക്ക നൽകുന്ന സമ്മാനമാണ് ഇവയുടെ അംഗത്വമെന്നതാണ് ഈ സംഘടനകളുടെ മുഖ്യ ദുർബലത. ഇങ്ങനെ ഇവയിൽ അംഗത്വം നേടുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളിൽ പലരും അതൊരലങ്കാരമായി, തൊപ്പിയിൽ മറെറാരു തൂവലായി, പ്രദർശിപ്പിക്കുന്നതിനും പരമാവധി ടി. എ. യും ഡി. എ. യും കണക്കെഴുതി വാങ്ങുന്നതിനുമല്ലാതെ, ഈ സംഘടനകളുടെ ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും തല്പരരല്ല; അതിനുവേണ്ട വൈദഗ്ദ്ധ്യം അവരിൽ മിക്കവർക്കുമില്ലതാനും.

പറഞ്ഞു പറഞ്ഞു് കേരളത്തിൽ ഒരു സാംസ്കാരിക വകുപ്പ് നിലവിൽ വന്നിരിക്കുന്നു. ഈ സംവിധാനംകൊണ്ടു് സിക്രട്ടേറിയററിലെ പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിച്ചിരിക്കാമെന്നല്ലാതെ, സാഹിത്യത്തിന്റെയും കലകളുടെയും പ്രോത്സാഹനത്തിനും പോഷണത്തിനും അതു് ഇന്നോളം ഉപകരിച്ചിട്ടില്ല. എന്നെങ്കിലും ഉപകരിക്കുമെന്ന ആശയും ഇനിയും നാമ്പെടുത്തിട്ടില്ല.

27 മാർച്ച്, 1982

# 62. മഹൻജദരോവിനും മുമ്പ്

സിന്ധു നദീതീരത്തു് മഹൻജദരോ, ഹരപ്പ എന്നിവിടങ്ങളിലെ ചില കുന്നുകൾ കിളച്ചുനോക്കിയപ്പോഴാണ് അവ വെറും കുന്നുകളല്ലെന്നും, ആയിരത്താണ്ടുകൾ മുമ്പു മൺമറഞ്ഞുപോയ ചില ജനവാസങ്ങളുടെ അവശിഷ്ടങ്ങളാണ് അവയ്ക്കടിയിലുള്ളതെന്നും മനസ്സിലായതു്. ഇതോടെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രത്തിനു് അസാധാരണമായ ഒരു ആയാമം പെട്ടെന്നു കൈവന്നു. പശുക്കളെ മേച്ചുകൊണ്ടു് നാടോടി നടന്നിരുന്ന ആര്യന്മാർ വേദമന്ത്രങ്ങളും പാടി മദ്ധ്യേഷ്യയിൽനിന്നു് വന്നെത്തിയതുമുതല്ലാണ് വടക്കേ ഇന്ത്യയിൽ പരിഷ്കൃതജീവിതം ആരംഭിച്ചതെന്ന, അന്നുവരെ നിലനിന്നിരുന്ന, ചരിത്രകാരന്മാരുടെ വിശ്വാസം പൂർണമായും തിരുത്തിക്കുറിക്കപ്പെട്ടു. വിപുലവും സമൃദ്ധവും സാക്ഷരവുമായ ഒരു നഗര സംസ്കാരം ആര്യന്മാരുടെ ആഗമനത്തിനു് എത്രയോ നൂററാണ്ടുകൾ മുമ്പുതന്നെ സിന്ധിലും പഞ്ചാബിലും നിലനിന്നിരുന്നുവെന്നും, മദ്ധ്യധരണ്യാഴിക്കരയിലെ സമകാല സംസ്കാരങ്ങളുമായി ഈ പ്രാചീന സൈന്ധവർക്കു് വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്നും നിരാക്ഷേപമായി തെളിഞ്ഞു. ഒരുപക്ഷേ, ആര്യന്മാരുടെ ആക്രമണത്തിനു മുമ്പിൽ സൈന്ധവരുടെ ഈ നാഗരിക പരിഷ്കാരം നശിച്ചുപോയതാവാം. തെക്കോട്ടു് നർമദവരെയും കിഴക്കോട്ടു് ബംഗാൾവരെയും ഈ പ്രാചീന പരിഷ്കാരം വ്യാപിച്ചിരുന്നതായും പിന്നീടു മനസ്സിലായിട്ടുണ്ടു്. സൈന്ധവരുടെ ചിത്രലിപികൾ വായിക്കാൻ കഴിഞ്ഞാൽ അവരുടെ ഭാഷ, മതം, വ്യാപാര ബന്ധങ്ങൾ, സമൂഹവ്യവസ്ഥ മുതലായവയെപ്പററി ഒട്ടധികം വിവരങ്ങൾ അറിയാൻ കഴിഞ്ഞേക്കും.

ഇന്ത്യൻ ചരിത്രത്തിന്റെ ആരംഭബിന്ദുവാണോ മഹൻജദരോ?